**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 951 28/04/2017-ൽ മറുപടിയ്ക്ക്

## ഐക്യരാഷ്ട്രസഭയുടെ പ്രകൃതി സംരക്ഷണ സന്ദേശം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഐക്യരാഷ്ട്രസഭയുടെ പ്രകൃതി സംരക്ഷണ സന്ദേശം ഉൾക്കൊണ്ട് അതിന്റെ തുടർച്ചയായി കേരളത്തിലെ വിദ്യാലയങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ പൂർണ രൂപം വെളിപ്പെടുത്തുമോ; | (എ) പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് 2017-18 സാമ്പത്തിക വർഷത്തിൽ 'ജൈവവൈവിധ്യ ഉദ്യാനം - വിദ്യാലയങ്ങളിൽ' എന്ന പദ്ധതി സംസ്ഥാനത്തെ പരമാവധി സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) പ്രകൃതി സംരക്ഷണത്തിന്റെ പേരിൽ സംസ്ഥാനത്ത് വിവിധ ഗവൺമെന്റ് വിദ്യാലയങ്ങളിൽ പലവിധ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഉദ്ദേശിച്ച ഫലം ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;<br>(സി) ഇപ്പോൾ വിഭാവനം ചെയ്യുന്ന പദ്ധതികളെങ്കിലും സദുദ്ദേശ്യത്തോടെ നടപ്പാക്കുന്നതിനും കേരളം "ദൈവത്തിന്റെ സ്വന്തം നാട്" എന്നത് സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) & (സി) സർക്കാർ വിദ്യാലയങ്ങളിൽ ഹരിത ക്ലബ്ബുകൾ രൂപീകരിച്ചും, പി.ടി.എയുടെ സഹകരണത്തോടെ പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക., പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത, ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ